**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 139** **22-06-2026-ൽ മറുപടിയ്ക്ക്**

## <u>മെഡിക്കൽ കോളജുകളുടെയും സർക്കാർ ആശുപത്രികളുടെയും ഫിറ്റ്നസ്</u>

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കുറുക്കോളി മൊയ്തീൻ

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** 2016 മെയ് 1 മുതൽ 2026 ഏപ്രിൽ 30 വരെ സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലും മറ്റ് സർക്കാർ ആശുപത്രികളിലും ഉള്ള കെട്ടിടങ്ങളുടെ ഫിറ്റ്നസ് പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച വിവരം പ്രത്യേകം പ്രത്യേകമായി ലഭ്യമാക്കാമോ;

**<u>മറുപടി:</u>** മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിൽ എല്ലാ സ്ഥാപനങ്ങളിലുമുള്ള കെട്ടിടങ്ങളുടെ ഫിറ്റ്നസ് പരിശോധന നടത്തിയിട്ടുണ്ട്. ആരോഗ്യവകുപ്പിന് കീഴിലുള്ള 445സ്ഥാപനങ്ങളിലെ കെട്ടിടങ്ങളുടെ ഫിറ്റ്നസ്സ് പരിശോധന പ്രസ്തുത കാലയളവിൽ നടത്തിയിട്ടുണ്ട്. നിലവിൽ ഫിറ്റ്നസ്സ് പരിശോധന നടത്തിയിട്ടില്ലാത്ത സ്ഥാപനങ്ങളിൽ ഫിറ്റ്നസ്സ് പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

ഫിറ്റ്നസ്സ് പരിശോധന നടത്തിയിട്ടുള്ള സ്ഥാപനങ്ങളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**<u>ആരോഗ്യവകുപ്പ്</u>**

| ജില്ല | സ്ഥാപനങ്ങളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 25 |
| കൊല്ലം | 21 |
| പത്തനംതിട്ട | 20 |
| ആലപ്പുഴ | 53 |
| കോട്ടയം | 72 |
| ഇടുക്കി | 41 |
| എറണാകുളം | 31 |
| തൃശ്ശൂർ | 26 |
| പാലക്കാട് | 18 |

| | |
|---|---|
| മലപ്പുറം | 23 |
| കോഴിക്കോട് | 35 |
| വയനാട് | 25 |
| കണ്ണൂർ | 35 |
| കാസർകോട് | 20 |

**<u>മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്</u>**

| | |
|---|---|
| കോട്ടയം മെഡിക്കൽ കോളേജ് | D1 ക്വാർട്ടേഴ്സ്, പമ്പ് ഹൗസ്, F14 ക്വാർട്ടേഴ്സ്, ഗവ. ഡെന്റൽ കോളേജിന് സമീപം സ്ഥിതി ചെയ്യുന്ന ഓവർ ഹെഡ് വാട്ടർ ടാങ്ക്, പഴയ എസ്.റ്റി.പി കെട്ടിടം, ഇൻഡ്യൻ കോഫീ ഹൗസ് കെട്ടിടം |
| | A B C ബ്ലോക്കിലെ വാർഡ് 2, 6 &9 നോട് ചേർന്നുള്ള ടോയ്ലെറ്റ് ബ്ലോക്ക്, ഇ.എഫ്.ജി ബ്ലോക്ക് കെട്ടിടം, ഒ.പി ബ്ലോക്കിന്റെ ഇടത് വശത്തുള്ള ഓർത്തോ ഒ.പി, ENT OT യുടെ ശുചി മുറി, പ്ലാസ്റ്റിക് സർജറി വാർഡ് എന്നിവ ഉൾപ്പെടുന്ന കെട്ടിടത്തിന്റെ പിൻ ഭാഗം |
| KMCHC ഏറ്റുമാനൂർ | പഴയ വാട്ടർ ടാങ്ക്, പഴയ ഐ പി കെട്ടിടം |
| തിരുവനന്തപുരം മെഡിക്കൽ കോളേജ് | മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയത്തിന് സമീപം സ്ഥിതി ചെയ്യുന്ന പഴയ പവർ ലോൺട്രി കെട്ടിടം, SCT യ്ക്ക് പിന്നിലുള്ള ക്വാർട്ടേഴ്സ് നം. 1,2,3,4,5 QMCH Quarters (A8, A9, C11, C12 & C13) |
| SAT ആശുപത്രി, തിരുവനന്തപുരം | ഗോൾഡൻ ജൂബിലി ബ്ലോക്കിന് സമീപത്തുള്ള ഓക്സിജൻ പ്ലാന്റ് സിംഗിൾ സ്റ്റോർ ട്രാൻസ്ഫോർമർ കെട്ടിടം |
| ആലപ്പുഴ മെഡിക്കൽ കോളേജ് | വാൻ ഷെഡ് (4 എണ്ണം), ബയോമെഡിക്കൽ കെട്ടിടത്തിന് സമീപമുള്ള 2 കെട്ടിടം, സ്റ്റാഫ് ക്വാർട്ടേഴ്സ് ടോയ്ലെറ്റ് ബിൽഡിംഗ്, അനിമൽ ഹൗസ്, ജിമ്നേഷ്യം |
| മഞ്ചേരി മെഡിക്കൽ കോളേജ് | ബി ബ്ലോക്കിന് സമീപമുള്ള ഷെഡ്, വാർഡ് 4 ന് സമീപമുള്ള ടോയ്ലെറ്റ് ബ്ലോക്ക്, നഴ്സിംഗ് സ്കൂളിന് സമീപമുള്ള കോൺക്രീറ്റ് വാട്ടർ ടാങ്ക് |
| കണ്ണൂർ നഴ്സിംഗ് കോളേജ് | പഴയ ലൈബ്രറി കെട്ടിടം |
| തിരുവനന്തപുരം ഡെന്റൽ കോളേജ് | പഴയ ക്യാന്റീൻ കെട്ടിടം |

**(ബി)** സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലും മറ്റ് സർക്കാർ ആശുപത്രികളിലും ഉള്ള കെട്ടിടങ്ങളുടെ ഫിറ്റ്നസ് പരിശോധിക്കാൻ ചുമതലപ്പെടുത്തിയിരിക്കുന്ന സ്ഥാപനം ഏതാണെന്ന വിവരം ലഭ്യമാണോ; എങ്കിൽ അത് അറിയിക്കാമോ;

**<u>മറുപടി:</u>** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നടത്തിപ്പും പരിപാലന ചുമതലയും കൈമാറിയിട്ടുള്ള ആശുപത്രികളുടെ ഫിറ്റ്നസ്സ് പരിശോധിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടില്ലാത്ത ആശുപത്രികളുടെ ഫിറ്റ്നസ്സ് പരിശോധിക്കുന്നത് PWD എഞ്ചിനീയറിംഗ് വിഭാഗവുമാണ്.

**(സി)** മെഡിക്കൽ കോളേജുകളുടെയും മറ്റ് സർക്കാർ ആശുപത്രികളുടെയും ഫിറ്റ്നസ് പരിശോധിക്കാനുള്ള സംവിധാനങ്ങൾ നിലവിലില്ലായെങ്കിൽ അതിനായുള്ള സംവിധാനങ്ങൾ ഒരുക്കുന്നതിനുള്ള നടപടി ഉണ്ടാകുമോയെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(ഡി)** നിലവിൽ ഫിറ്റ്നസ് ഇല്ലാത്ത കെട്ടിടങ്ങളിൽ പ്രസ്തുത ആശുപത്രികളിലെ ഏതെങ്കിലും വിഭാഗങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ അവ അവിടെ നിന്നും മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

**<u>മറുപടി:</u>** നിലവിൽ ഫിറ്റ്നസ് ഇല്ലാത്ത കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന വിഭാഗങ്ങൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**(ഇ)** സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലും മറ്റ് സർക്കാർ ആശുപത്രികളിലും ഉള്ള കെട്ടിടങ്ങളിൽ 2016 മുതൽ 2026 വരെയുള്ള കാലയളവിൽ പൂർണ്ണമായോ ഭാഗികമായോ തകർന്ന കെട്ടിടങ്ങളുടെ വിവരം ലഭ്യമാണോ; എങ്കിൽ അത് നൽകാമോ;

**<u>മറുപടി:</u>**

| **ജില്ല** | **സ്ഥാപനങ്ങളുടെ എണ്ണം** | **പൂർണ്ണമായോ/ ഭാഗികമായോ തകർന്നിട്ടുള്ള കെട്ടിടങ്ങളുടെ എണ്ണം** |
|---|---|---|
| തിരുവനന്തപുരം | 12 | 20 |
| എറണാകുളം | 10 | 12 |
| തൃശ്ശൂർ | 1 | 1 |
| പാലക്കാട് | 4 | 5 |
| മലപ്പുറം | 16 | 16 |
| കണ്ണൂർ | 7 | 15 |
| കാസർഗോഡ് | 9 | 17 |
| കോട്ടയം മെഡിക്കൽ കോളേജ് | EFG ബ്ലോക്കിലെ 10, 11, 14 വാർഡുകളുടെ സമീപത്തുള്ള ടോയ്‌ലെറ്റ് കോംപ്ലക്സ് | |

**(എഫ്)** സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലും മറ്റ് സർക്കാർ ആശുപത്രികളിലും 2016 മുതൽ 2026 വരെയുള്ള കാലയളവിൽ പൂർണ്ണമായോ ഭാഗികമായോ കെട്ടിടങ്ങൾ തകർന്ന സംഭവങ്ങളിൽ മരണപ്പെട്ടവരുടെയും പരിക്കേറ്റവരുടെയും വിവരം ലഭ്യമാണോ; എങ്കിൽ അത് നൽകാമോ?

**<u>മറുപടി:</u>** 2025 ജൂലൈ 3 ന് കോട്ടയം മെഡിക്കൽ കോളേജിലെ EFG ബ്ലോക്കിലെ 10,11,14 വാർഡുകളുടെ സമീപത്തുള്ള ടോയ്‌ലെറ്റ് കോംപ്ലക്സ് തകർന്ന് വീണതിനെ തുടർന്ന് കോട്ടയം തലയോലപ്പറമ്പ് സ്വദേശിനി ഡി ബിന്ദു മരണപ്പെടുകയും വയനാട് മീനങ്ങാടി സ്വദേശി അലീന വിൻസന്റിന് പരിക്കേൽക്കുകയും ചെയ്തു.

**സെക്ഷൻ ഓഫീസർ**